DISPATCHED On...23/06/2020

25/05/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2561614, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**A.P.1530(1)/2019/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 12764/SIC-G4/2019**

**സന്നിഹിതൻ**

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. ടി.എ. സേവ്യർ<br>തൈവീട്ടിൽ ഹൗസ്<br>കാട്ടിപ്പറമ്പ്, കണ്ണമാലി പി.ഒ., കൊച്ചി - 682008 | അപ്പീൽ ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സീനിയർ സൂപ്രണ്ട്<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം<br>എറണാകുളം<br><br>അപ്പീൽ അധികാരി &<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം<br>എറണാകുളം | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ശ്രീ. ഡൈനൂസ് തോമസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ സാധിക്കുമെന്ന ഉത്തമ വിശ്വാസമുണ്ടായിരുന്നു എന്നും എന്നാൽ നേരത്തെ തീർപ്പാക്കിയ ഫയൽ വിശദമായി പരിശോധിച്ചപ്പോഴാണ് ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലെന്നു അറിഞ്ഞതെന്നും അതു ബോധ്യമായ ഉടനെ തന്നെ ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് ചെല്ലാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചുനൽകിയിരുന്നു എന്നും ഒന്നാം അപ്പീൽ അധികാരി നിർദ്ദേശിച്ച പ്രകാരം ബന്ധപ്പെട്ട ഫയൽ സൗജന്യമായി പരിശോധിക്കുന്നതിനുള്ള സ്ഥലവും സമയവും നിശ്ചയിച്ച് കത്തു നൽകുന്നതിൽ വീഴ്ച വന്നു എന്ന കമ്മീഷന്റെ കണ്ടെത്തൽ പൂർണ്ണമായും ശരിയല്ലെന്നും ഒന്നാം അപ്പീൽ അധികാരി മേൽ പ്രസ്താവിച്ച പ്രകാരമുള്ള നിർദ്ദേശം നൽകിയത്, ചെല്ലാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി / സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കായിരുന്നു

എന്നും കമ്മീഷൻ ഉത്തരവ് പ്രകാരം ഹർജിക്കാരന് അത്തരത്തിലുള്ള കത്ത് നൽകിയിരുന്നു എന്നും മറ്റുമാണ്.

ടി വിശദീകരണം പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വന്നത് ന്യായീ കരിക്കത്തക്ക കാരണങ്ങളാലാണെന്നു കാണുന്നു. അപ്രകാരം തന്നെ രണ്ടാം എതിർകക്ഷി, ബന്ധ പ്പെട്ട ഫയൽ സൗജന്യമായി പരിശോധിക്കുവാനുള്ള അവസരം ഹർജിക്കാരന് നൽകണമെന്നു നിർദ്ദേശിച്ചത് ചെല്ലാനം സെക്രട്ടറി / സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോടാണെന്നും കാണുന്നു. ടി ഉത്തരവ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേ ഷൻ ഓഫീസർക്കാണോ നൽകിയിരുന്നത് എന്നതു സംബന്ധിച്ച് വ്യക്തതയില്ലായിരുന്നു എന്നും കാണുന്നു. ആയതിനാൽ ടി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ വിശദീകരണം അംഗീക രിച്ച് ടിയാനെതിരായ നടപടികൾ അവസാനിപ്പിച്ചു കൊണ്ടുള്ള ഈ ഉത്തരവ് ഇന്നേ ദിവസം **2020 മെയ് മാസം 25-ാം തീയതി** കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**വിൻസൻ എം. പോൾ**
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION

sh